**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **23-08-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ചെങ്ങന്നൂർ ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും മിനി സിവിൽ സ്റ്റേഷൻ, കോടതി, താലൂക്ക് ഓഫീസ്, രജിസ്ട്രേഷൻ ഓഫീസ്, എഞ്ചിനീയറിംഗ് കോളേജ്, ട്രഷറി, ഫയർ സ്റ്റേഷൻ-ട്രാഫിക് സ്റ്റേഷൻ, ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിലെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗമായ നന്ദാവനം ജംഗ്ഷൻ -എഞ്ചിനീയറിംഗ് കോളേജ് റോഡ് നവീകരണത്തിന് തടസ്സമായി നിൽക്കുന്ന ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 1.91 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്ന നടപടിയ്ക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | നന്ദാവനം ജംഗ്ഷൻ-എഞ്ചിനിയറിംഗ് കോളേജ് റോഡ് നവീകരണത്തിനാവശ്യമായ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള, ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നന്ദാവനം ജംഗ്ഷൻ-എഞ്ചിനിയറിംഗ് കോളേജ് റോഡ് നവീകരണത്തിനാവശ്യമായ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള, ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ